## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: T 279 21/12/2012 ൽ മറുപടിയ്ക്ക്

## മലയാളഭാഷക്ക് ശ്രേഷ്ഠ പദവി

ചോദ്യം
ശ്രീ.പി.സി. ജോർജ്
ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ

മറുപടി
ശ്രീ. കെ.സി. ജോസഫ്
(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| (എ) | മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ പദവി നൽകണമെന്ന ആവശ്യം ഉന്നയിച്ച് ഇതിനായി രൂപീകരിച്ച ഉപദേശക സമിതിയുടെ റിപ്പോർട്ട് സഹിതം 15/01/2011 ൽ ബഹു: പ്രധാനമന്ത്രിക്ക് നേരിട്ട് ഒരു നിവേദനം സമർപ്പിച്ചിരുന്നു. ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കുന്നതിനുള്ള എല്ലാ അർഹതകളും മലയാളത്തിന് ഉണ്ടെന്ന് തെളിവ് സഹിതം ഈ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ സമർപ്പിച്ച ഈ റിപ്പോർട്ട് കേന്ദ്ര സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിച്ചാണ് അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് . എന്നാൽ ഈ സമിതി (കേന്ദ്ര സാഹിത്യ അക്കാഡമിയുടെ കൗൺസിൽ ഓഫ് ലാംഗ്വേജസ്) ശ്രേഷ്ഠ പദവി ലഭിക്കുന്നതിന് ആവശ്യമായ പഴക്കം മലയാളഭാഷയ്ക്ക് ഇല്ലായെന്ന നിഗമനം സ്വീകരിച്ചതായി അറിഞ്ഞതിനെത്തുടർന്ന് ആയത് സമഗ്രമായ പരിശോധനയുടെ അഭാവത്തിലായിരുന്നുവെന്ന് സർക്കാർ മനസ്സിലാക്കുകയും ശ്രേഷ്ഠ ഭാഷാ പദവിക്കായി സംസ്ഥാനത്തിന്റെ വാദഗതികൾ അവതരിപ്പിക്കാൻ വീണ്ടും അവസരം നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. കൂടാതെ ഇക്കാര്യം സർക്കാരിന്റെ ഉന്നതതലത്തിൽ ചർച്ച ചെയ്ത ശേഷം ബഹു: മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2012 ജൂലായിൽ മന്ത്രിതല സംഘം ബഹു: പ്രധാനമന്ത്രിക്ക് നേരിട്ട് നിവേദനം സമർപ്പിച്ചു.<br>കേന്ദ്ര സാഹിത്യ അക്കാഡമിയുടെ സമിതി ഈ വിഷയം വീണ്ടും പരിഗണനയ്ക്കെടുക്കുമ്പോൾ സമിതിയിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കുവാൻ മലയാളം സർവ്വകലാശാല വൈസ് |

| | | | |
|---|---|---|---|
| | | | ചാൻസലർ ശ്രീ. കെ. ജയകുമാർ , ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ , ഡോ.ബി. ഗോപിനാഥൻ നായർ എന്നിവരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് സജ്ജമായിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചുവോ; വിശദാംശങ്ങൾ നല്കുമോ; | (ബി) യും (സി) യും | ഇതു സംബന്ധിച്ച ഔദ്യോഗിക അറിയിപ്പുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത റിപ്പോർട്ടിന്മേൽ കേന്ദ്ര ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ